(സി) വനം കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും പ്രതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരമായ പട്രോളിംഗ് നടത്തിയും, വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജന പങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴിയും വനം കയ്യേറ്റ ശ്രമങ്ങൾ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് സ്ഥിരം ജണ്ടകെട്ടിയും കയ്യാല സ്ഥാപിച്ചും സംരക്ഷിച്ച് വരുന്നു. കയ്യേറ്റത്തിന് വിധേയമായ 141.51 ഏക്കർ ഭൂമി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരിച്ച് പിടിച്ചിട്ടുണ്ട്. കൂടാതെ റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ച് വരുന്നുണ്ട്. 1-1-1977-ന് ശേഷമുള്ള വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 6-11-2002-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.)69/2002/വനം പ്രകാരം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാനതല കമ്മിറ്റിയും 6-3-2003-ലെ ജി.ഒ. (എംഎസ്.)15/2003/വനം പ്രകാരം സർക്കിൾ കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ സർക്കിൾതല കമ്മിറ്റികളും രൂപവൽക്കരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച പുരോഗതി അവലോകനം ചെയ്യുകയും വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് ഫലപ്രദമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു.

(ഡി) വന സംരക്ഷണത്തിന്റെ ഭാഗമായി വനത്തോട് ചേർന്നും വനത്തിനകത്തും താമസിക്കുന്ന വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി പങ്കാളിത്ത വനപരിപാലനം നടപ്പിലാക്കി വരുന്നു. വനത്തിന് ഹാനികരമായ കാട്ടുതീ, നായാട്ട്, വ്യാജവാറ്റ്, അനധികൃത മരം മുറി, കഞ്ചാവ് കൃഷി, കാലിമേച്ചിൽ, അനധികൃത വനവിഭവശേഖരണം എന്നിവയിൽ നിന്ന് വനത്തെ സംരക്ഷിക്കുക, വനപരിപാലന പ്രവൃത്തികൾ നടത്തുക എന്നിവയിലൂടെ വന സംരക്ഷണ പ്രവൃത്തികളിൽ വനാശ്രിത സമൂഹത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ദേശീയ വനവൽക്കരണ പദ്ധതി, നാഷണൽ ബാംബു മിഷൻ, നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ്, ഇക്കോ ടൂറിസം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നീ കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെ വനാശ്രിത സമൂഹത്തിന്റെ സേവനം പ്രയോജനപ്പെടുത്തി വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി

22(*112) ശ്രീ. എ. എം. ആരിഫ് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം സെക്കണ്ടറി വിദ്യാഭ്യാസ വികസനത്തിനായി കേരളത്തിന് ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) എത്ര യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്തുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) 2010-11 സാമ്പത്തിക വർഷം 200 കോടി രൂപയ്ക്കുള്ള അനുവാദമാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചത്.

(ബി) താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു

1. 37 യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്തുക
2. 244 സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
3. 162 സ്കൂളുകളിൽ അറ്റകുറ്റപ്പണികൾ നടത്തുക
4. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നൽകുക
5. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം പരിശീലനം നൽകുക
6. 100 സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുക
7. ഓൺസൈറ്റ് സപ്പോർട്ട് നൽകുക
8. ഗൈഡൻസ്&കൗൺസലിംഗ് ക്ലാസ്സുകൾ നടത്തുക
9. 1030 സ്കൂളുകൾക്ക് 50,000 രൂപ വീതം വാർഷിക ഗ്രാന്റ് നൽകുക
10. 997 സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾക്ക് ഗ്രാന്റ് നൽകുക
11. അദ്ധ്യാപകർക്ക് താമസിക്കുന്നതിനായി 111 ക്വാർട്ടേഴ്സുകൾ പണിയുക.

(സി) 2010-11 സാമ്പത്തിക വർഷത്തിൽ 37 സർക്കാർ യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്തുന്നതിനുള്ള അനുവാദം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ആർ.എം.എസ്.എ.-യുടെ സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ജില്ലകളിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ജില്ലാ പ്രോജക്ട് ഓഫീസറുടെ അധിക ചുമതലയും നൽകിയിട്ടുണ്ട് ഇതു കൂടാതെ സംസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലും ആവശ്യമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അതുല്യം പദ്ധതി

23(*113) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "ലീപ് കേരള" മിഷന്റെ ഭാഗമായി ആരംഭിക്കുന്ന അതുല്യം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ആകെ ചെലവ് എത്രയാണ് ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിലൂടെ നിലവിലുള്ള സാക്ഷരതാ പ്രവർത്തനങ്ങൾ എങ്ങനെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) 1. സമഗ്ര നാലാംതരം തുല്യതാ പരിപാടി

2. സമ്പൂർണ്ണ പ്രാഥമിക തുല്യത

3. പരിപൂർണ്ണ സാക്ഷരത

4. പരിപൂർണ്ണ നാലാംതരം തുല്യത

5. ഇ–സാക്ഷരത

6. വ്യത്യസ്തശേഷികളുള്ളവർക്ക് പ്രത്യേക തുല്യത.

(ബി) 'അതുല്യം' ഒന്നാംഘട്ട നടത്തിപ്പിനായി 6 കോടി രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. പ്രതീക്ഷിക്കുന്ന ചെലവുകളുടെ ഇനം തിരിച്ച പട്ടിക താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly